# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5182 28.10.2016 ൽ മറുപടിയ്ക്ക്**

**യാത്രക്കാരെ വഴിക്ക് ഇറക്കിവിടുന്ന ഓട്ടോറിക്ഷക്കാർക്കെതിരെയുള്ള പരാതികൾ**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | യാത്രക്കാരെ അവരാവശ്യപ്പെടുന്ന സ്ഥലത്തല്ലാതെ വഴിക്ക് ഇറക്കിവിടുന്ന ഓട്ടോറിക്ഷക്കാർക്കെതിരെയുള്ള പരാതികളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാറുള്ളത്; | (എ) | അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഡ്രൈവറുടെ ലൈസൻസ് റദ്ദാക്കൽ, വാഹനത്തിന്റെ പെർമിറ്റ് റദ്ദാക്കൽ അല്ലെങ്കിൽ അതിനു പകരമായി പിഴ ഈടാക്കൽ എന്നീ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | യാത്രാക്കാർ കയറിയശേഷം ചെറിയ ദൂരമായാൽ ഇറക്കിവിടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ ഇറക്കി വിടുന്ന ഓട്ടോറിക്ഷക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; തിരുവനന്തപുരം സിറ്റിയിൽ എം.എൽ.എ. മാരെ പോലും ഇറക്കിവിട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഡ്രൈവറുടെ ലൈസൻസ് റദ്ദാക്കൽ, വാഹനത്തിന്റെ പെർമിറ്റ് റദ്ദാക്കൽ അല്ലെങ്കിൽ അതിനു പകരമായി പിഴ ഈടാക്കൽ എന്നീ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.<br>ബഹുമാനപ്പെട്ട വൈക്കം എം.എൽ.എ.-യെ ഇറക്കിവിട്ടു എന്നത് സംബന്ധിച്ച പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നടത്തിയ അന്വേഷണത്തിൽ, മേൽ കുറ്റകൃത്യത്തിൽ ഏർപ്പെട്ട KL-01/BL 4031 നമ്പർ ഓട്ടോറിക്ഷയുടെ ഡ്രൈവർക്കും ഉടമസ്ഥനുമെതിരെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ 2516/2016 എന്ന നമ്പറായി ഐ.പി.സി 506(1) വകുപ്പ് പ്രകാരം എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുള്ളതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഡ്രൈവറായി ചുമതല വഹിച്ചിരുന്ന ശ്രീ.വിനോദ് എന്നയാൾ യാത്രക്കാരോട് അപമര്യാദയായി പെരുമാറിയതായും ടിയാൾക്ക് സാധുതയുള്ള |

..തുടർച്ച..

| | | | |
|---|---|---|---|
| | | | ലൈസൻസ് ഇല്ലായിരുന്നു എന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 86(എ) പ്രകാരം വാഹനത്തിന്റെ പെർമിറ്റ് 11.10.2016 മുതൽ 10.04.2017 വരെ സസ്പെൻഡ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. പെർമിറ്റ് റദ്ദാക്കാതിരിക്കുവാൻ മതിയായ കാരണം കാണിക്കുന്നതിനായി വാഹനത്തിന്റെ ഉടമസ്ഥൻ ശ്രീ. സന്തോഷ് കുമാർ വി.ടി. എന്നയാളിനോട് കുറ്റക്കാരനായ ഡ്രൈവറെയും കൂട്ടി 15 ദിവസത്തിനകം തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ ഓഫീസിൽ ഹാജരാകുവാൻ നോട്ടീസ് നല്കിയിരിക്കുകയാണ്. വാഹനം ഓടിക്കാൻ സാധുതയുള്ള ലൈസൻസില്ലാത്ത വ്യക്തിക്ക് വാഹനം ഓടിക്കാൻ നല്കിയതിന് 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 180 പ്രകാരം പിഴ ഒടുക്കുവാനും നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | പലപ്പോഴും സിറ്റികളിൽ ട്രാഫിക് സംവിധാനം പോലും തകരാറിലാക്കുന്ന ഇത്തരം ഓട്ടോറിക്ഷകൾക്കെതിരെ നടപടികൾ സ്വീകരിക്കുമോ; | (സി) | നടപടികൾ സ്വീകരിക്കും. |
| (ഡി) | ഗതാഗത തടസ്സം ഉണ്ടാക്കുന്ന ഇത്തരം ഓട്ടോറിക്ഷക്കാർക്കെതിരെയുള്ള നടപടികൾ സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ? | (ഡി) | അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഡ്രൈവറുടെ ലൈസൻസ് റദ്ദാക്കൽ, വാഹനത്തിന്റെ പെർമിറ്റ് റദ്ദാക്കൽ അല്ലെങ്കിൽ അതിനു പകരമായി പിഴ ഈടാക്കൽ എന്നീ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.